കാർഷിക കാലാവസ്ഥ നിർദ്ദേശക ബുള്ളറ്റിൻ,തൃശ്ശൂർ ജില്ല

പ്രവചന കാലയളവ് 27.12.2025 മുതൽ 31.12.2025 വരെ

വെള്ളാനിക്കര കേരള കാർഷിക സർവ്വകലാശാലയിലെ
കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗവും
ഭാരതീയ കാലാവസ്ഥാ വകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്

| എ എ എസ് ബുള്ളറ്റിൻ നമ്പർ 52/2025, (103) വെള്ളിയാഴ്ച | തീയ്യതി 26/12/2025 |
|---|---|

## അടുത്ത 5 ദിവസത്തേക്കുള്ള ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെ കാലാവസ്ഥാ പ്രവചനം :

| കാലാവസ്ഥാ ഘടകങ്ങൾ | 27.12.2025 | 28.12.2025 | 29.12.2025 | 30.12.2025 | 31.12.2025 |
|---|---|---|---|---|---|
| മഴ (മില്ലി മീറ്റർ) | 0 | 0 | 0 | 0 | 0 |
| ഉയർന്ന താപനില (°C) | 33 | 33 | 33 | 33 | 33 |
| കുറഞ്ഞ താപനില (°C) | 19 | 19 | 19 | 19 | 19 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 70 | 70 | 70 | 70 | 70 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 50 | 50 | 50 | 50 | 50 |
| കാറ്റിന്റെ വേഗത (കിലോമീറ്റർ/മണിക്കൂർ) | 4 | 4 | 3 | 3 | 3 |
| കാറ്റിന്റെ ദിശ (ഡിഗ്രി ) | 200 | 270 | 270 | 200 | 250 |
| മേഘ വ്യാപ്തി (ഒക്ടാ ) | 3 | 2 | 3 | 5 | 8 |

കാലാവസ്ഥാ അറിയിപ്പ്:- വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാൽ ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. കേരളത്തിൽ ശരാശരിയേക്കാൾ കുറവ് മഴ ലഭിക്കാൻ സാധ്യത.

## വിള പരിപാലനത്തിനുള്ള പൊതു നിർദ്ദേശങ്ങളും കാർഷിക നിർദ്ദേശങ്ങളും (തൃശ്ശൂർ ജില്ല)

**പൊതുനിർദേശങ്ങൾ**:-.കാർഷികവിളകളിൽ രോഗകീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി മുൻകരുതലുകൾ സ്വീകരിക്കേണ്ടതാണ്. കാറ്റിന്റെ വേഗത കൂടിവരുന്നതിനാലും, ബാഷ്പീകരണം കൂടുകയും, വരണ്ട അന്തരീക്ഷസ്ഥിതി തുടരുന്നതിനാലും ആവശ്യഘട്ടങ്ങളിൽ വിളകൾക്ക് നന കൊടുക്കേണ്ടതാണ്. വാഴക്ക് താങ്ങുകാലുകൾ നൽകുക, പച്ചക്കറി പന്തലുകൾ ബലപ്പെടുത്തുക. മണ്ണിന്റെ ഈർപ്പം സംരക്ഷിക്കാൻ ശരിയായ പുതയിടൽ രീതി അവലംബിക്കാവുന്നതാണ്.

| വിളകൾ | രോഗ-കീടങ്ങൾ, വിള പരിപാലനം | കാർഷിക കാലാവസ്ഥ നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് (മുണ്ടകൻ) പൂക്കുന്ന പരുവം | ബ്ലാസ്റ്റ് രോഗം | നെല്ലിൽ ബ്ലാസ്റ്റ് രോഗത്തിന് മുൻകരുതലായി 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിക്കുക. അല്ലെങ്കിൽ 4 ഗ്രാം നെറ്റിവോ (ട്രൈഫ്ലോക്സിസ്ട്രോബിൻ + ടെബുകോണാസോൾ) 10 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ തളിച്ചു കൊടുക്കാവുന്നതാണ്. |
| | ബാക്ടീരിയൽ ഇലകരിച്ചിൽ | മൂടിക്കെട്ടിയ അന്തരീക്ഷ സ്ഥിതി തുടരുന്നതിനാൽ നെല്ലിൽ ബാക്ടീരിയ മൂലമുള്ള ഇലകരിച്ചിൽ പടരുന്നത് നിയന്ത്രിക്കാൻ 20 ഗ്രാം പച്ചചാണകം ഒരുലിറ്റർ വെള്ളത്തിൽ കലക്കി തെളിയെടുത്ത് 20 ഗ്രാം സ്യൂഡോമോണാസ് ചേർത്ത് തളിക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 6 ഗ്രാം സ്ട്രെപ്റ്റോസൈക്ലിൻ 30 ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലക്കി തളിച്ചു കൊടുക്കുക. |
| മാവ് | തുള്ളൻ | മാവിൽ കാണപ്പെടുന്ന തുള്ളനെ നിയന്ത്രിക്കാൻ കൂട്ടം ചേർന്ന് വളരുന്ന കൊമ്പുകൾ വെട്ടി ഒതുക്കുക. ആക്രമണം രൂക്ഷമാണെങ്കിൽ 2 മില്ലി തയാമെത്തോക്സാം പത്ത് ലിറ്റർ വെള്ളത്തിൽ കലക്കി തളിച്ചുകൊടുക്കുക. |
| വഴുതന | ബാക്ടീരിയൽ വാട്ടം | വഴുതനങ്ങയിൽ ബാക്ടീരിയൽ വാട്ടം ഉണ്ടാകാനുള്ള സാധ്യതയുണ്ട്. ഇതിനെ നിയന്ത്രിക്കാൻ രോഗം ബാധിച്ച ചെടികൾ നീക്കം ചെയ്ത് നശിപ്പിച്ചു കളയുക. രോഗസാധ്യതയുള്ള കൃഷിയിടങ്ങളിൽ ഹെക്ടറിന് 15 കിലോഗ്രാം എന്ന തോതിൽ ബ്ലീച്ചിംഗ് പൗഡർ ഇട്ടുകൊടുക്കുക. |

മൃഗസംരക്ഷണം-: തൊഴുത്തിലോ, പരിസരത്തോ എലി ശല്ല്യം ഇല്ലാതിരിക്കുവാൻ ശ്രദ്ധിക്കുക. എലിയിൽ നിന്നും പകരുന്ന എലിപ്പനി അഥവാ ലെപ്റ്റോസ്പൈറോസിസ് എന്ന രോഗം ഉരുക്കൾക്കും, കർഷകർക്കും ഒരുപോലെ മാരകമാണ്. പനി, വിറയൽ, വിശപ്പില്ലായ്മ, മൂത്രത്തിൽ തവിട്ടു നിറം, മഞ്ഞപ്പിത്തത്തിന്റെ മറ്റു ലക്ഷണങ്ങളോ കാണുന്ന പക്ഷം ഉടനെ വെറ്റിനറി ഡോക്ടറുടെ നിർദ്ദേശപ്രകാരം രക്തപരിശോധന നടത്തി രോഗനിർണ്ണയം നടത്തുക. (CAADECCS, KVASU, Mannuthy)